പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കായലോര ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ട് സർവീസ് നടത്തപ്പെടുന്ന കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായിട്ടാണ് കൊച്ചിയെ കണക്കാക്കപ്പെട്ടിട്ടുള്ളത്. ആലപ്പുഴ കേന്ദ്രമാക്കിയുള്ള പ്രധാന ഹൗസ് ബോട്ട് സർക്യൂട്ടുകളായ ആലപ്പുഴ-കുമരകം, ആലപ്പുഴ-കൊച്ചി, ആലപ്പുഴ-കൊല്ലം, ആലപ്പുഴ ബാക്ക് വാട്ടർ ക്രൂയിസ് എന്നിവയിലെല്ലാംകൂടി 900 മുതൽ 1200 വരെ ഹൗസ് ബോട്ടുകൾ സർവീസ് നടത്തുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ആലപ്പുഴയിലെ ഉൾനാടൻ ജലാശയങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ ഏകദേശം രണ്ടിരട്ടിയിലധികമാണ്. ആയതിനാൽ കൊച്ചി ആസ്ഥാനമാക്കിക്കൊണ്ടൊരു ടൂറിസം ഹബ്ബ് വികസിപ്പിക്കുകയാണെങ്കിൽ ഈ മേഖലയിലെ കായലോര ടൂറിസം വികസനത്തിന് പുതിയൊരുണർവ് നൽകുന്നതിനും കൊച്ചി ഹബ്ബിന് ആലപ്പുഴയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സംയോജിത കായലോര ടൂറിസം ഹബ്ബുമായി ബന്ധിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട കായലോര ടൂറിസം സർക്യൂട്ടായി കൊച്ചി-ആലപ്പുഴ സർക്യൂട്ടിനെ വികസിപ്പിച്ചെടുക്കുവാനും കഴിയുന്നതാണ്. എന്നാൽ കൊച്ചിയിൽ കായൽ ടൂറിസം വികസനത്തിനുള്ള ഹബ്ബ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനങ്ങളൊന്നുംതന്നെ ഇതുവരെ നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതോടൊപ്പം വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സാധ്യതാ പഠനം നടത്തി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സംസ്ഥാന ടൂറിസം വകുപ്പ് നടപ്പാക്കുന്നതാണെന്ന് അറിയിക്കുകയാണ്.

4. എക്സൈസ് കോംപ്ലക്സിന്റെയും റെയ്ഞ്ച് ഓഫീസിന്റെയും നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എല്ലാവിധ സംവിധാനങ്ങളും അനുകൂല ഘടകങ്ങളുമുണ്ടായിട്ടും കാസർഗോഡ് ജില്ലയിൽ ഇതുവരെ എക്സൈസ് കോംപ്ലക്സും റെയ്ഞ്ച് ഓഫീസും ഇല്ലായെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. എക്സൈസ് കോംപ്ലക്സിന് 1981-ൽ റവന്യൂ ഡിപ്പാർട്ടുമെന്റ് 50 സെന്റ് സ്ഥലം കാസർഗോഡ് നഗരത്തിന്റെ ഹൃദയ ഭാഗത്ത് അനുവദിച്ചിരുന്നു. അതിന്റെ ജി.ഒ. 2090/81, 10-12-1981-ൽ ഇറങ്ങിയതാണ്. രണ്ട് കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 6-2-2013-ന് സമർപ്പിച്ചിരുന്നു. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ ഈ ഫയലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ ബദിയടുക്കയിൽ ഒരു റെയ്ഞ്ച് ഓഫീസ് വേണമെന്നതും അത്യന്താപേക്ഷിതമാണ്. അതിനും 25 സെന്റ് സ്ഥലം 2009-ൽ അനുവദിച്ചിരുന്നു. 79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നു. പക്ഷേ ഇത് രണ്ടും യാഥാർത്ഥ്യമായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സജീവമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും ഇത് രണ്ടും യാഥാർത്ഥ്യമാക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാസർഗോഡ് ഡിവിഷൻ ഓഫീസ്, സ്പെഷ്യൽ സ്ക്വാഡ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, റെയ്ഞ്ച് ഓഫീസ്, ഐ.ബി. ഓഫീസ് എന്നിവയെല്ലാം വെവ്വേറെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം ഒന്നിച്ചു പ്രവർത്തിക്കുന്നതിന് കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1981-ൽ 46 സെന്റ് ഭൂമി അനുവദിച്ചുനൽകിയിരുന്നു. തുടർന്ന്, ടി കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം 255 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയത് ഭരണാനുമതി ലഭിക്കുന്നതിനായി 21-7-2014-ൽ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കമ്മീഷണറോട് ആവശ്യപ്പെടുകയും ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോട് 9-12-2014-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറേറ്റിൽനിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. അവിടെ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നത് വളരെ ന്യായമായ ആവശ്യമാണ്. അത് വേഗത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

5. ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ സംസ്ഥാന ജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ തുക നൽകുന്ന എറണാകുളം ജില്ലയിൽ വാണിജ്യ നികുതിയിനത്തിലും വൈദ്യുതചാർജ്ജായും ഏറ്റവും കൂടുതൽ പണം സർക്കാരിലേയ്ക്കടയ്ക്കുന്ന ഒരു പ്രദേശമാണ് പെരുമ്പാവൂർ. പെരുമ്പാവൂർ പട്ടണം രൂക്ഷമായ ഗതാഗതക്കുരുക്കുമൂലം ഇപ്പോൾ വീർപ്പുമുട്ടുകയാണ്. രണ്ട് സംസ്ഥാന പാതകൾ കടന്നുപോകുന്ന പെരുമ്പാവൂരിലൂടെയാണ് ശബരിമല യാത്രക്കാർ, വിമാനത്താവളത്തിലേയ്ക്കും മൂന്നാറിലേയ്ക്കും പോകുന്നവർ, മലയാറ്റൂർ തീർത്ഥാടകർ ഉൾപ്പെടെ നൂറ് കണക്കിന് തടി ലോറികൾ, ഭാരവണ്ടികൾ, എന്നിവയെല്ലാം കടന്നുപോകുന്നത്. ഈ സ്ഥിതി കണക്കിലെടുത്താണ് 29-4-2010-ന് പെരുമ്പാവൂർ ഔട്ടർ ബൈപ്പാസ് റോഡിന് മുൻസർക്കാർ ഭരണാനുമതി നൽകിയത്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയായിരുന്നു നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്നത്. റോഡ് ഫണ്ട് ബോർഡിൽനിന്ന് ആവശ്യമായ തുക വിനിയോഗിക്കാനും തീരുമാനിച്ചിരുന്നു. സ്ഥലമുടമകൾക്ക് ഏറ്റവും സൗകര്യപ്രദമായ അലൈൻമെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിക്കുകയും 6(i) നോട്ടിഫിക്കേഷൻ